**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 800 09.08.2017-ന് മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള വനപ്രദേശമല്ലാത്ത ഭൂമി**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ. സി.കെ.ഹരീന്ദ്രൻ** | | **ശ്രീ. കെ. രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ കീഴിൽ എത്ര ഭൂസ്വത്ത് ഉണ്ടെന്നും അത് എവിടെയൊക്കെയാണെന്നും മേഖല തിരിച്ച് അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിലെ നെയ്യാർ വന്യജീവിസങ്കേതത്തിലെ ക്ലാമല-1 സെക്ഷന്റെ അധീനതയിൽ വെള്ളറട — ആനപ്പാറ ഭാഗത്ത് വനം വകുപ്പിന് ഉദ്ദേശം 1.5 ഏക്കറോളം വരുന്ന സ്ഥലമുണ്ട്. ടി സ്ഥലത്തെ ഏകദേശം തുല്യമായി രണ്ടായി ഭാഗിച്ചുകൊണ്ട് ആനപ്പാറ-കാറ്റാടി റോഡ് കടന്നുപോകുന്നു. |
| (ബി) | ഇവിടെ വനം വകുപ്പിന്റെ ഉടമസ്ഥതയിൽ വരുന്ന വനപ്രദേശമല്ലാത്ത ഭൂമി എന്തൊക്കെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മേൽ ഉത്തരത്തിൽ പ്രതിപാദിക്കുന്ന സ്ഥലം രേഖകളിൽ വനമാണ്. മേൽ കാറ്റാടി റോഡിന്റെ ഇടതുവശം സ്റ്റാഫ് ക്വാർട്ടേഴ്സും, കിണറും, വലതുവശം മെയിൻ റോഡിനോടുചേർന്ന് മുൻപ് പിക്കറ്റ് സ്റ്റേഷനായി ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു കെട്ടിടവും, അതിന് പുറകിലായി പണി പൂർത്തിയാകാതെയിരിക്കുന്ന ഉദ്ദേശം 20 വർഷം പഴക്കമുള്ള കമ്മ്യൂണിറ്റി ഹാളും ഡോർമിറ്ററിയും ഉണ്ട്. ഇവ ഉപയോഗപ്രദമാക്കുന്നതിനായി പുതുക്കി പണിയുന്ന നടപടികൾക്ക് തുക വകയിരുത്തുകയും ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (സി) | ഈ ഗണത്തിൽ ഉപയോഗ ശൂന്യമായിക്കിടക്കുന്ന ഭൂമി ഉണ്ടെങ്കിൽ അത് മറ്റാവശ്യങ്ങൾക്കായി ലീസിന് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | ആനപ്പാറ ഭാഗത്ത് വനം വകുപ്പിനുള്ള ഭൂമിയും കെട്ടിടങ്ങളും പ്രയോജനകരമായ രീതിയിൽ, പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ പ്രസ്തുത സ്ഥലം ലീസിനു നൽകേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. ഇതു കൂടാതെ, 1980 ലെ വന (സംരക്ഷണ) നിയമത്തിലെ 2-ാം വകുപ്പും, റ്റി.എൻ. ഗോദവർമ്മൻ തിരുമുൽപ്പാട് Vs യൂണിയൻ ഓഫ് ഇന്ത്യ & അദേഴ്സ് - 1997 (2) സെക്ഷൻ 267 നമ്പർ കേസിലെ ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരം ഭൂമികൾ വനേതര ആവശ്യത്തിന് നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യവുമാണ്. |

**സെക്ഷൻ ഓഫീസർ**